File No.LSGD-FM2/129/2019-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പുറക്കാട് ഗ്രാമപഞ്ചായത്ത് - വർക്ഷോപ്പ് വാടകയും ഐ ടി ഐ വാടകയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1771/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 16/08/2019

പരാമർശം:- 20.6.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.4

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ 20.6. 2019 - ൽ കൂടിയ യോഗത്തിന്റെ നടപടി വിവര പ്രകാരം പുറക്കാട് ഗ്രാമ പഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ 2 കെട്ടിടങ്ങളിലായി ഐടി ഐ യും വർക്ക്ഷോപ്പും പ്രവർത്തിക്കുന്നതായും വർക് ഷോപ്പിന് അയ്യായിരത്തി അഞ്ഞൂറ് രൂപയും ഐടിഐക്കു 10011 രൂപയുമാണ് വാടക നൽകി വന്നിരുന്നത് മാർച്ച് 2013 വരെ വർക്ക്ഷോപ്പ് വാടകയും ജനുവരി 2015 വരെ ഐടി ഐ വാടകയും നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടില നിന്നും 2013 ഏപ്രിൽ മുതൽ വർക്ഷോപ്പ് വാടകയും 2015 ഫെബ്രുവരി മുതൽ ഐ ടി ഐ വാടകയും നൽകുന്നതിന് പരാമർശ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

RAJEEVE C R,

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പ്രസിഡന്റ്/സെക്രട്ടറി, പുറക്കാട്ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ